# ലാനയുടെ സഞ്ചാരപഥത്തിൽ

ജോസ് ഓച്ചാലിൽ
ലാനപ്രസിഡൻെറ

രണ്ടായിരത്തി പതിനാറ്, പതിനേഴ് കാലഘട്ടത്തിൽ ലിറ്ററി അസോസിയേഷൻ ഓഫ് നോർത്തമേരിക്കയുടെ(ലാന)അദ്ധ്യക്ഷ പദവിയിൽ സേവനം ചെയ്യുവാൻ എന്നെ അനുവദിച്ച പ്രിയ സുഹൃത്തുക്കളോട് നന്ദിയുടെ ഒരു വാക്ക് ഇവിടെ കുറിക്കുന്നു. ലാനയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങൾ എന്നിൽ അർപ്പിച്ച വിശ്വാസം എത്ര മാത്രം സഫലീകൃതം ആയി എന്ന് എനിക്ക് നിശ്ചയമില്ല. എങ്കിലും സംഘടനയുടെ വളർച്ചക്കും ഉയർച്ചക്കും ആവും വിധം പ്രവർത്തിക്കാൻ ഞാൻ എന്നും ശ്രമിച്ചിട്ടുണ്ട്.

രണ്ടായിരത്തി പതിനാറ് ജൂൺ മാസത്തിൽ കാലിഫോർണിയായിലെ സാൻഹോസയിൽ വച്ച് നടന്ന പ്രാദേശിക സമ്മേളന (റീജനൽ കൺവൻഷൻ) വും അതിൻെറ വിജയവും ,അതിനായ് സഹകരിച്ച് പ്രവർത്തിച്ച സഹപ്രവർത്തകരോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു. ബഹുമാന്യരായ രണ്ട് പ്രഗൽഭ സാഹിത്യ നായകന്മാരുട സാന്നിദ്ധ്യം സമ്മേളനത്തിന് മാറ്റ് കൂട്ടി. ശ്രീ സേതു (സേതുമാധവൻ) ശ്രീ പി കെ പാറക്കടവ് എന്നിവർ നമ്മുടെ അതിഥികളായിരുന്നു. വളരെയേറെ ഭാഷാസ്നേഹികളായ ചെറുപ്പക്കാരെ സമ്മേളനത്തിൽ എത്തിക്കുവാൻ പരിശ്രമിച്ച ശ്രീ എം എൻ നമ്പൂതിരി (ലാന ജോ: സെക്രട്ടറി), യുടെ നേതൃത്വത്തിൽ ശ്രീ തമ്പി ആൻറ്റണി, ശ്രീമതി പ്രേമ ആൻറ്റണി, ശ്രീമതി ഗീതാ ജോർജ്ജ് ആദിയായവരുടെ സേവനം ഇവിടെ നന്ദി പൂർവ്വം സ്മരിക്കുകയാണ്. സമ്മേളനത്തിൽ പങ്കെടുത്തവർക്കെല്ലാം മലയാള ഭാഷയുടെ ഭംഗിയും, ശക്ത്തിയും,സംസ്ക്കാരവും കൂടുതൽ ബോദ്ധ്യപ്പെടുന്നതിനും അവസരം ലഭിച്ചു. ഏറെ കൃതാർത്ഥതയോടാണ് ഏവരും അന്ന് സ്വഭവനങ്ങളിലേക്ക് മടങ്ങിപ്പോയത്.

സംഘടനയുടെ ജീവനും നിലനിൽപ്പും സംഘാഗങ്ങൾ തമ്മിലുള്ള സൗഹാർദങ്ങളിലാണ് കുടിയിരിക്കുന്നത്.ആധുനീക കാലഘട്ടത്തിൽ അതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഇന്ന് നമ്മൾക്ക് ആവോളം ഉണ്ട്. അത് പ്രയോചനപ്പെടുത്തുന്നതിൽ ഏവരും ഉൽസുകരാണ് എന്നറിയുന്നതിൽ ഏറെ സന്തോഷം ഉണ്ട്. അടുത്ത സമ്മേളനത്തിൽ മുഖാമുഖം കണാനുള്ള തീരുമാനവും ഏവരും ഹൃദയത്തിൽ സൂക്ഷിക്കുന്നു. അക്ഷരസ്നേഹികളുടെ കൂട്ടായ്മയിൽ പങ്കെടുക്കുമ്പോഴുള്ള ആനന്ദനിർവൃതി പറഞ്ഞറിയിക്കുകവയ്യാ.

അങ്ങനെ അത് വീണ്ടും സംഭവിച്ചു. രണ്ടായിരത്തിപതിനേഴ് ഒക്ട്ടോബർ ആറ്, ഏഴ്, എട്ട് തീയതികളിൽ നൂയോർക്കിലെ ഫ്ലോറൽ പാർക്കിൽ വച്ചുനടന്ന ലാനയുടെദേശീയസമ്മേളനം. ബഹുമാന്യനായ ശ്രീ ജെ മാത്യൂസ്ൻെറ (ലാന ജനറൽ സെക്രട്ടറി) നേതൃത്തത്തിൽ സന്തോഷ് പാലാ, മനോഹർ തോമസ്, പ്രിൻസ് മാർക്കോസ് എന്നീ നിരവധി സുഹൃത്തുക്കളുടെസഹായ സഹകരണത്തിൽ ഏറെ വിജയകരമായി നടത്തപ്പെട്ടു.യുവതീയുവാക്കൾക്കും, മാദ്ധ്യമ സുഹൃത്തുക്കൾക്കും എല്ലാം ഏറെ പങ്കാളിത്തം നൽകുന്നതിന് നമ്മൾക്ക് സാധിച്ചു. ലാനയുടെ ഭാവി യുവജനങ്ങളിലേക്ക് എന്നലക്ഷ്യം മുൻനിർത്തിയാണ് പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. അതിഥിയായ് കേരളത്തിൽ നിന്നും എത്തിച്ചേർന്നത് ബഹുമുഖപ്രതിഭയായ ശ്രീ പി എഫ് മാത്യൂസ് ആയിരുന്നു. നൂതനമായ ആശയങ്ങളുടെ ഒരു കലവറയായിരുന്നു അദ്ദേഹം. എത്തിച്ചേർന്നവരുടെയെല്ലാം മനം കവരുന്നതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു.

മലയാളഭാഷയുടെ മരണം തലമുറകൾക്കും അപ്പുറത്തേക്ക് മാറ്റിവക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന ഒട്ടെറെസംഘടനകളും, വ്യക്തികളും നമ്മുടെ ഇടയിൽ ഉണ്ട്. അവരിൽ ചിലരെയെങ്കിലും തേടിപ്പിടിച്ച് അംഗീകരിക്കാൻ ലാന അവസരം ഒരുക്കി മലയാളഭാഷ പഠിപ്പിക്കുന്ന

സ്ഥപനങ്ങളോടൊപ്പം, മലയാളഭാഷാ ഗ്രന്ഥശാലകളേയും നമ്മൾ കണ്ടെത്തി ആദരിച്ചു. നോവൽ, ചെറുകഥ, കവിതാ എന്നീ ഇനങ്ങളിൽ ലാന ഏർപ്പെടുത്തിവരുന്ന സാഹിത്യ അവാർഡുകൾ വിതരണം ചെയ്തു. ലാനേയം രണ്ട് എന്നപേരിൽ അമേരിക്കൻ എഴുത്തുകാരുടെ തിരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുസ്തകം പ്രകാശനം ചെയ്തു. ലാനയിലേക്ക് പുതുതായ് അംഗങ്ങളെ ചേർക്കുന്നതിൻെറ ശ്രമഫലമായി ആറ്പേർസ്ഥിരാംഗത്വംഎടുക്കുകയുണ്ടായി തുടർന്നും താല്പര്യമുള്ളവരെ സ്വാഗതം ചെയ്തുകൊള്ളുന്നു.

ലാനയുടെ ഇരുപത് വർഷത്തെ വളർച്ചയുടെ പാതയിൽ വർണ്ണപ്പൂക്കൾ വിരിയിക്കാൻ മുൻകാല പ്രവർത്തകർ ഏറെത്യാഗം സഹിച്ചിട്ടുള്ളതിനെ ഇവിടെ നന്ദിയോട് സ്മരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങൾ വിജയപ്രദമാക്കാൻ എന്നോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച പ്രിയ സുഹൃത്തുക്കൾ, ലാന മുഖ്യ കാര്യദർശി ശ്രീ ജെ മാതൂസ്, ട്രഷറർ ശ്രീ ജോസൺ ജോർജ്, ഉപാദ്ധ്യക്ഷൻ ശ്രീ വർഗീസ് ഏബ്രഹാം, സഹകാര്യദർശി ശ്രീ എം എൻ നമ്പൂതിരി എന്നിവരോടുള്ള സ്നേഹവും,കടപ്പാടും ഹൃദയത്തിൽ സൂക്ഷിക്കുന്നു.

വായിച്ച് വളരുക എന്ന തത്ത്വം നമ്മുടെ ജീവിതത്തിൽ പ്രാവർത്തീകമാക്കാൻ നാം സമയം കണ്ടെത്തണം മറ്റ്എല്ലാവർക്കും ഉള്ളതുപോലെ നമ്മൾക്കും ദിവസത്തിൽ ഇരുപത്തിനാല് മണിക്കൂറുകൾ തന്നെയുണ്ട് അത് കൃത്യമയ് ചിട്ടപ്പെടുത്തി ഉപയോഗിക്കുമ്പോൾ വായനക്ക് സമയം കണ്ടെത്താൻ ആർക്കും കഴിയും. മലയാളികളുടെ സംസ്ക്കാരവും, പാരമ്പര്യവും നിലനിർത്താനും, വിരസമായ ജീവിതാനുഭവങ്ങളിൽ നിന്നും ഭാവനയുടെ വിശാലമായ ലോകത്തേക്ക് പറന്നുയരാനും വായന നമ്മെ സഹായിക്കും. സ്വന്തം ഭവനങ്ങളിൽ എല്ലാവരും മാതൃഭാഷയിൽ സംസാരിക്കുകയും നമ്മൾ പഠിച്ച്വച്ചിട്ടുള്ള നല്ലകാര്യങ്ങൾ കുട്ടികൾക്ക് പറഞ്ഞ് മനസിലാക്കിക്കൊടുക്കുകയും ചെയ്യുമ്പോൾ ഭാഷയോടിഷ്ഠം തോന്നുവാൻ കാരണമായേക്കാം. അത് നമ്മുടെ കടമയാണ് എന്ന ബോദ്ധ്യത്തോടെ പ്രവർത്തിക്കുവാൻ ഓരോ ഭാഷാസ്നേഹികളേയും വിനയപൂർവ്വം ഓർമ്മപ്പെടുത്തുവാനും ഞാൻ ഈ അവസരം ഉപയോഗിക്കട്ടെ. ഇതരഭാഷക്കാരെ അടുത്തറിയുമ്പോൾ നാം തിരിച്ചറിയുന്ന ഒരു വലിയ കാര്യം അവർ തങ്ങളുടെ മാതൃഭാഷക്ക് കൊടുക്കുന്ന പ്രാധാന്യമാണ്. വീടുകളിൽ അവർ സ്വന്തം ഭാഷയാണ് സംസാരഭാഷയായി ഉപയോഗിക്കുന്നത്. നമ്മളും അപ്രകാരം ചെയ്യുകയാണെങ്കിൽ നമ്മുടെ ഭാഷയും അന്യം നിന്ന് പോകാതെയിരിക്കും. വാക്കുകൾ വിലക്ക് വാങ്ങേണ്ട അവസ്ഥയിലേക്ക് ,ഗതികേടിലേക്ക് നമ്മുടെ ഭാഷ എത്തിച്ചേരാതിരിക്കട്ടെ. ഭാഷസ്നേഹം ഒരു വ്രതമാക്കിയെടുവാൻ എല്ലാ കേരളീയരേയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. വായനയിലൂടെ ഒരു നല്ല സംസ്ക്കാരത്തിൻെറ ഉടമകളാകാൻ നമ്മൾക്കേവർക്കും സാധിക്കട്ടെ എന്നാശംസിക്കുന്നു. നമ്മുടെതായ ഒരു നല്ല തലമുറ ലോകത്തിനു മുൻപിൽ തലയുയർത്തി നിൽക്കാൻ അവസരം ഉണ്ടാകും, ഉണ്ടാകണം.

വരും വർഷങ്ങളിൽ പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ ലാന കൂടുതൽ ഉയരങ്ങളിലെത്തട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. അദ്ധ്യക്ഷൻ ബഹുമാന്യനായ ശ്രീ ജോൺ മാത്യുവിനും സഹപ്രവർത്തകർക്കും എല്ലാ നന്മകളും നേരുന്നു. ലാനയുടെ വളർച്ചക്കും, ശ്രേയസിനുമായ് കൈകൾ കോർത്ത് നമ്മൾക്ക് മുമ്പോട്ട് നീങ്ങാം ജഗദീശ്വരൻ ഏവരേയും സംരക്ഷിക്കുകയും.അനുഗ്രഹിക്കുകയും ചെയ്യട്ടെ